വീട്ടിലും എസ്.ടി.ഡി. സൗകര്യം നൽകേണ്ടതായ സാഹചര്യം ഉണ്ടാകാറുള്ള തുകൊണ്ട് പ്രസ്തുത നിർദ്ദേശം സ്വീകാര്യമല്ല.

(ഇ) ഇതേക്കുറിച്ച് വിശദമായി പരിശോധിക്കാവുന്നതാണ്.

(എഫ്) വിശദമായി പരിശോധിക്കാവുന്നതാണ്.

38 (1632) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ശ്രീ. ലോഹിതാക്ഷന്റെ സസ്പെൻഷൻ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ് ഇൻസ്ട്രക്ടറായി കൊടുങ്ങല്ലൂരിൽ ജോലി നോക്കിവന്നിരുന്ന ശ്രീ. ലോഹിതാക്ഷനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായോ; ഉണ്ടെങ്കിൽ എത്രനാൾ സസ്പെൻഷനിലായിരുന്നു;

(ബി) ഇദ്ദേഹത്തിനെതിരെയുള്ള കുറ്റാരോപണങ്ങൾ എന്തെല്ലാമാണ്; അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് തെളിഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് ശിക്ഷാനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അദ്ദേഹത്തെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചോദ്യത്തിൽ പ്രതിപാദിക്കുന്ന ആൾ ശ്രീ. രോഹിതാക്ഷനാണ്. സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട അദ്ദേഹം 8.4.97 മുതൽ 2.8.99 വരെ സസ്പെൻഷനിലായിരുന്നു.

(ബി) സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾക്ക് വിരുദ്ധമായി ആചാരപ്രകാരം വിവാഹം കഴിച്ച ഭാര്യയേയും അവരിൽ ജനിച്ച കുട്ടികളേയും ഉപേക്ഷിച്ച്, അവരെ സംരക്ഷിക്കേണ്ട കർത്തവ്യത്തിൽ നിന്നും പിന്മാറുകയും, നിയമപരമായി വിവാഹമോചനം നേടുകയോ സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങുകയോ ചെയ്യാതെ മറ്റൊരു സ്ത്രീയെ വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കുകയും ചെയ്തു എന്നിവയാണ് അദ്ദേഹത്തിനെതിരെയുള്ള കുറ്റാരോപണങ്ങൾ. അന്വേഷണത്തിൽ, ശ്രീ. രോഹിതാക്ഷൻ കുറ്റക്കാരനാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(സി) ശിക്ഷാനടപടിയുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

(ഡി) സർക്കാർ ജീവനക്കാരെ അനിശ്ചിതമായി സസ്പെൻഷനിൽ നിർത്താൻ പാടില്ലായെന്ന നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, ശിക്ഷണ നടപടിക്രമം തുടരാമെന്ന വ്യവസ്ഥയോടെ അദ്ദേഹത്തെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

39 (1633) ശ്രീ. ഇ.എം. ശ്രീധരൻ നമ്പൂതിരിപ്പാടിന്റെ പ്ലാനിംഗ് ബോർഡ് അംഗത്വം

ശ്രീ. പി.ജെ. ഫ്രാൻസീസ് :

LIBRARY ARCHIVES Kerala Legislative Assembly